(ഡി) മുട്ട, മാംസം, പാൽ എന്നിവയുടെ ലഭ്യതയിലുണ്ടായ മാറ്റം താഴെക്കൊടുക്കുന്നു. (2006 അടിസ്ഥാനമാക്കിയുള്ള വർദ്ധനവ് ശതമാനത്തിൽ ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നു)

വർഷം	പാൽ (000 ടൺ)	മുട്ട (ലക്ഷം)	ഇറച്ചി (മെട്രിക് ടൺ)
2007	2119(2.71)	11987(0.26)	196526(0.59)
2008	2248(8.97)	13792(15.36)	197969(1.33)
2009	2451 (18.81)	15066(26.01)	206226(05.56)
2010	2535(22.88)	16430(37.42)	210000(7.49)

ഈ കണക്കുകൾ ഇന്റഗ്രേറ്റഡ് സാമ്പിൾ സർവ്വേ പ്രകാരമുള്ളതാണ്. ഇതിൽ 2010-ലെ കണക്കുകൾ പ്രൊവിഷണൽ ആണ്.

മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇൻഡ്യയുടെ നവീകരണത്തിനായി നടപടി

92 (5770) ശ്രീ. എ. എം. യൂസഫ് :
ശ്രീ. എം. ഹംസ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയുടെ നവീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) വിദേശ കമ്പനിയുമായി ചേർന്ന് അന്താരാഷ്ട്ര വിപണി ലക്ഷ്യമാക്കി ചാലക്കുടിയിൽ ഹൈടെക് മാംസോത്പാദനയൂണിറ്റ് ആരംഭിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 135 ലക്ഷം രൂപയുടെ ധനസഹായം ഉപയോഗിച്ച് മലിനജലസംസ്ക്കരണത്തിനുള്ള എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് (ഇ.ടി.പി) ഗാഢശീതികരിണി, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനുള്ള പുതിയ പ്രോസസ്സിംഗ് പ്ലാന്റ് തുടങ്ങിയ ആധുനിക സൗകര്യങ്ങൾ എം.പി.ഐ.യിൽ ലഭ്യമാക്കി. കർഷകർക്ക് ഗുണനിലവാരമുള്ള പന്നിക്കുഞ്ഞുങ്ങളെ നൽകി അവ വളർന്നശേഷം ന്യായവില നൽകി തിരിച്ചെടുക്കുന്ന ബൈബാക്ക് സ്കീം വിജയകരമായി നടപ്പാക്കിവരുന്നു. കേരളത്തിൽ ആദ്യമായി ട്രേയ്സബിൾ മീറ്റ് എന്ന

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശത്തോടുകൂടി കെ.എൽ.ഡി. ബോർഡുമായി സഹകരിച്ച് മാട്ടുപ്പെട്ടി പ്രീമിയം ബീഫ് എന്ന ഉൽപ്പന്നം വിപണിയിൽ ഇറക്കി. വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ മൊബൈൽ സെയിൽസ് യൂണിറ്റ് ആരംഭിച്ചു. പുതിയ ഉൽപ്പന്നങ്ങളായി ചിക്കൻ അച്ചാർ, ചിക്കൻ കട്‌ലറ്റ്, ചിക്കൻ കറി, കട്ട് ചിക്കൻ ലോഫ് എന്നിവ വിപണിയിൽ ഇറക്കി. ഉപഭോക്താക്കൾക്ക് മാംസോൽപ്പന്നങ്ങൾ ഏതുസമയത്തും ലഭ്യമാക്കുന്നതിനായി എം.പി.ഐ.യുടെ ഇടയാർ ക്യാമ്പസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു സെയിൽസ് കൗണ്ടർ ആരംഭിച്ചു. 75 ലക്ഷം രൂപ ചെലവിൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനായും, മതിലിന്റേയും പന്നി ഫാമിന്റേയും പുനർനിർമ്മാണ പ്രവർത്തനം നടത്തി. കെ.എൽ.ഡി. ബോർഡുമായി സഹകരിച്ച് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അങ്കമാലി ജനുസിൽപെട്ട പന്നികളെ സംരക്ഷിക്കുന്നതിനായി 20 ലക്ഷം രൂപ മുടക്കി പദ്ധതി നടപ്പാക്കി. വിപണി വിപുലീകരണത്തിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ ഏനാത്തും അടൂരും എറണാകുളം ജില്ലയിൽ കളക്ട്രേറ്റിലും വിൽപ്പനശാലകൾ തുടങ്ങി. 20 കോടിയോളം രൂപ മുതൽ മുടക്കി എം.പി.ഐ.യുടെ ഇടയാർ യൂണിറ്റിൽ പ്രതിവർഷം 4500 ടൺ ഉൽപ്പാദനശേഷിയുള്ള അത്യാധുനിക സ്ലോട്ടർ ഹൗസും മാംസസംസ്ക്കരണശാലയും സ്ഥാപിക്കുന്നതിനുള്ള പദ്ധതി അവസാന ഘട്ടത്തിലാണ്.

(ബി) ചാലക്കുടിയിൽ സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ഒരു ഹൈടെക് മാംസസംസ്ക്കരണശാല ആരംഭിക്കുന്നതിനുള്ള ധാരണാപത്രത്തിന്റെ കരട് ഡയറക്ടർ ബോർഡ് അംഗീകരിച്ചിട്ടുണ്ട്.

മാംസോൽപ്പാദന സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ നടപടി

93 (5771) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാംസോൽപ്പാദന സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് പ്രസ്തുത സംഘങ്ങൾ നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) മാംസം ഉൽപ്പാദിപ്പിക്കുന്നതിന് കർഷക ഗ്രൂപ്പുകളെയാണോ കർഷകരെയാണോ ഈ സഹകരണ സംഘങ്ങളിൽ ഉൾപ്പെടുത്തുകയെന്നറിയിക്കുമോ ;

(സി) ഇവർക്കാവശ്യമായ മൃഗങ്ങളെ എവിടെ നിന്നാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly